(ഡി) ശമ്പള പരിഷ്കരണത്തിനു വേണ്ടി ജീവനക്കാരുടെ പണിമുടക്ക് സമരങ്ങൾ നടന്നതെന്നൊക്കെയാണ്;

(ഇ) ഇപ്പോൾ ശമ്പള പരിഷ്കരണാവശ്യത്തിനുവേണ്ടി ജീവനക്കാരുടെ പ്രക്ഷോഭങ്ങൾ നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കാൻ വൈകുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1958-ലാണ് ആദ്യമായി സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തിയത്. അതിനുശേഷം 1966, 1968, 1973, 1978, 1983, 1988, 1992, 1997 എന്നീ വർഷങ്ങളിലാണ് ശമ്പള പരിഷ്കരണം നടത്തിയത്. മുൻകാലങ്ങളിൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(ബി & സി) അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളം പരിഷ്ക്കരിക്കുന്നതാണ് എന്ന് സർക്കാർ തീരുമാനങ്ങളൊന്നും നിലവിലില്ല. ഇതിനു മുമ്പ് ശമ്പളം പരിഷ്കരിച്ച തീയതികൾ (എ) യുടെ മറുപടിയിൽ കൊടുത്തിട്ടുണ്ട്. എല്ലാ ശമ്പള പരിഷ്കാരങ്ങളും 5 വർഷത്തിലൊരിക്കലല്ല നടത്തിയത് എന്നു കാണാം.

(ഡി) ശമ്പള പരിഷ്കരണ നടപടികൾ വൈകിയെന്ന് അവർക്ക് തോന്നിയപ്പോഴെല്ലാം ജീവനക്കാരുടെ പണിമുടക്ക് സമരങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഇ) ഈ ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

പണിമുടക്ക് കേസുകൾ പിൻവലിക്കാൻ നടപടി

15 [3385] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്കുമായി ബന്ധപ്പെട്ട കേസുകൾ ഇനിയും നിലവിലുണ്ടോ;

† ഓരോ കോപ്പിമാത്രം ലഭ്യമാക്കിയിട്ടുള്ളതിനാൽ കസ്റ്റ്യൻ സെക്ഷനിൽ സൂക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര കേസുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുകൾ പിൻവലിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ഡി) പണിമുടക്ക് ഒത്തുതീർപ്പാവുകയും സിവിൽ സർവ്വീസിന്റെ പ്രവർത്തനം സാധാരണ നിലയിൽ ആവുകയും ചെയ്ത സാഹചര്യത്തിൽ പണിമുടക്കുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 291 കേസ്സുകൾ.

(സി & ഡി) സർക്കാർ ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും, 2002-ലെ പണിമുടക്കുമായി ബന്ധപ്പെട്ട് 'കെസ്മ' പ്രകാരം ചാർജ് ചെയ്ത എല്ലാ കേസുകളും (തീവ്രസ്വഭാവമുള്ളത് ഒഴികെ) കോടതികളുടെ അനുമതിയോടും, സി. ആർ. പി. സി. 321-നു വിധേയമായും പിൻവലിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് സർക്കാർ 2002-മാർച്ച് മാസം തന്നെ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് അത്തരത്തിലുള്ള കേസുകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തീവ്ര സ്വഭാവമുള്ള കേസ്സുകൾ (പൊതുമുതൽ നശിപ്പിക്കൽ, ശാരീരിക ക്ഷതം ഏല്പിക്കൽ, നായക്കുരണ പൊടി, കരിഓയിൽ പ്രയോഗം മുതലായവ) പിൻവലിക്കുന്നതു സംബന്ധിച്ച് നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

അസംബ്ലി മണ്ഡലങ്ങളുടെ പുനർനിർണ്ണയം

16 [3386] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) പുനർനിർണ്ണയം എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) അസംബ്ലി നിയോജകമണ്ഡലങ്ങൾ പുനർനിർണ്ണയിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ റവന്യൂ ജില്ലയിലേയും ജനങ്ങളും പ്രദേശങ്ങളും മറ്റു ജില്ലകളിലേക്ക് കൂട്ടിച്ചേർക്കപ്പെടാതെ നിർദ്ദിഷ്ട മണ്ഡലം വിഭജനം നടത്താൻ നിർദ്ദേശിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly